ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:02-09-2024**

## പ്രധാനവാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ ബ്രൂണെ, സിംഗപ്പൂർ സന്ദർശനത്തിന് നാളെ തുടക്കം.

2. പോലീസ് സേനയുമായി ബന്ധപ്പെട്ട പി.വി. അൻവർ എംഎൽഎയുടെ ആരോപണങ്ങളിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ.

3. ഉരുൾപ്പൊട്ടലിൽ തകർന്ന വയനാട് വെള്ളാർമല- മുണ്ടക്കൈ സ്കൂളുകൾ നവീന സൗകര്യങ്ങളോടെ പുനർനിർമ്മിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി.

4. വ്യവസായം തുടങ്ങുന്നതിനുള്ള ചട്ടങ്ങൾ ലഘൂകരിച്ചത് സംസ്ഥാനത്തിന് ഗുണകരമായെന്ന് മന്ത്രി പി രാജീവ്.

5. പാരാലിമ്പിക്സിൻ്റെ അഞ്ചാം ദിനം ഇന്ത്യക്ക് സുവർണ്ണ നേട്ടം. ബാഡ്മിന്റൺ പുരുഷ സിംഗിൾസ് SL3 വിഭാഗത്തിൽ നിതേഷ് കുമാറിന് സ്വർണം.

*************************************

RNU TVPM

## നരേന്ദ്ര മോദി -സിംഗപ്പൂർ

പ്രധാനമന്ത്രി നരേന്ദ്ര മോദി മൂന്ന് ദിവസത്തെ ബ്രൂണെ, സിംഗപ്പൂർ സന്ദർശനത്തിനായി നാളെ യാത്ര തിരിക്കും. ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രൂണെയിലേക്ക് ഉഭയകക്ഷി സന്ദർശനം നടത്തുന്നത്. ഇന്ത്യയും ബ്രൂണെയും തമ്മിൽ നയതന്ത്രബന്ധം സ്ഥാപിച്ചതിൻറെ 40-ാംം വാർഷികത്തോടനുബന്ധിച്ചാണ് സന്ദർശനം. ഇന്ത്യയുടെ 'ആക്ട് ഈസ്റ്റ്' നയത്തിലും ഇന്തോ-പസഫിക് കാഴ്ചപ്പാടിലും ബ്രൂണെ ഒരു പ്രധാന പങ്കാളിയാണ്. ഈ മാസം 4, 5 തീയതികളിൽ പ്രധാനമന്ത്രി സിംഗപ്പൂരും സന്ദർശിക്കും. ആറ് വർഷത്തിന് ശേഷമാണ് പ്രധാനമന്ത്രി മോദി സിംഗപ്പൂർ സന്ദർശിക്കുന്നത്.

**************************************

## എം.ആർ.അജിത്കുമാർ- മുഖ്യമന്ത്രി

RNU TVPM

പോലീസ് സേനയുമായി ബന്ധപ്പെട്ട പി.വി. അൻവർ എംഎൽഎയുടെ ആരോപണങ്ങളിൽ അന്വേഷണം പ്രഖ്യാപിച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. കേസ് ഡിജിപി റാങ്കിലുള്ള ഉദ്യോഗസ്ഥൻ അന്വേഷിക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചു. ഇതു സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കും. എഡിജിപി എം.ആർ.അജിത്കുമാറിനെ ക്രമസമാധാന ചുമതലയിൽനിന്നു നീക്കിയേക്കും. രാവിലെ, മുഖ്യമന്ത്രി പിണറായി വിജയനും ഡിജിപി എസ്. ദർവേഷ് സാഹിബും തമ്മിൽ കൂടിക്കാഴ്ച നടത്തിയിരുന്നു. ഇതിനു പിന്നാലെയാണ് അന്വേഷണം പ്രഖ്യാപിച്ചത്.

**************************************

## സസ്പെൻഷൻ

പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി എസ്. സുജിത്ദാസിനെ സർക്കാർ സസ്പെൻഡ് ചെയ്തു. പി.വി.അൻവർ എം.എൽ.എയുമായി സുജിത്ദാസ് നടത്തിയ വിവാദ ഫോൺ സംഭാഷണത്തിൻറെ അടിസ്ഥാനത്തിലാണ് നടപടി. വിവാദം ഉയർന്നതോടെ സുജിത് ദാസ് അവധിയിലായിരുന്നു.

**************************************

## വയനാട് - വി ശിവൻകുട്ടി

നവീന സൗകര്യങ്ങളോടെ വയനാട് വെള്ളാർമല- മുണ്ടക്കൈ സ്കൂളുകൾ പുനർനിർമ്മിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട സ്കൂൾ കെട്ടിടങ്ങളും കളിസ്ഥലങ്ങളും ദുരിതാശ്വാസ പാക്കേജിലുൾപ്പെടുത്തി വീണ്ടെടുക്കുമെന്ന് അദ്ദേഹം പറഞ്ഞു. വെള്ളാർമല, മുണ്ടക്കൈ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ പുനഃപ്രവേശനോത്സവം മേപ്പാടി ഗവ ഹയർസെക്കൻഡറി സ്കൂളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. വെള്ളാർമല, മുണ്ടക്കൈ സ്കൂളുകളിലെ കുട്ടികൾക്ക് ആവശ്യമായ പിന്തുണ, സാമഗ്രികൾ, ക്യാമ്പുകൾ, ചെറു യാത്രകൾ, ശിൽപശാലകൾ, ചർച്ചാ വേദികൾ തുടങ്ങിയവ ഉറപ്പാക്കും. ജനാധിപത്യ വിദ്യാഭ്യാസ രീതികളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ വീണ്ടെടുത്ത് പഠന വിടവ് പരിഹരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി. അതേസമയം, വിദ്യാർത്ഥികളുടെ പുനഃപ്രവേശനോത്സവം അതിജീവനത്തിന്റെയും വീണ്ടെടുക്കലിന്റെയും വേദിയാണെന്ന് ചടങ്ങിൽ മന്ത്രി ഒ.ആർ കേളു പറഞ്ഞു.

RNU TVPM

*************************************

## വ്യവസായ ഇടനാഴി പി രാജീവ്

ബാംഗ്ളൂർ-പാലക്കാട് വ്യവസായ ഇടനാഴിക്കായി സംസ്ഥാന സർക്കാർ നടത്തിയത് ഏറ്റവും വേഗത്തിലുള്ള ഭൂമി ഏറ്റെടുക്കലെന്ന് വ്യവസായ മന്ത്രി പി. രാജീവ്. വെറും പത്തുമാസം കൊണ്ടാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായതെന്നും സംസ്ഥാനസർക്കാരിനും കേന്ദ്രസർക്കാരിനും തുല്യപങ്കാളിത്തമുള്ള വ്യവസായ ഇടനാഴിയാണ് രൂപംകൊള്ളുന്നതെന്നും മന്ത്രി പറഞ്ഞു. എറണാകുളം റെനായ് കൺവൻഷൻ സെന്ററിൽ വ്യവസായ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച കേരള ഫുഡ്ടെക് കോൺക്ലേവ് 2024 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള ചട്ടങ്ങളും മറ്റ് നടപടിക്രമങ്ങളും ലഘൂകരിച്ചത്, വ്യവസായം സുഗമമായി നടത്താൻ ജനങ്ങൾക്ക് ആത്മവിശ്വാസം

നൽകുന്നുണ്ട്. ഇത് സംസ്ഥാനത്തിന് ഗുണകരമായെന്നും പി രാജീവ് പറഞ്ഞു.

***********************************

## സപ്ലൈകോ

ഓണത്തിനോടനുബന്ധിച്ച് സപ്ലൈകോ സംഘടിപ്പിക്കുന്ന ഓണം ഫെയറുകളുടെ സംസ്ഥാനതല ഉദ്ഘാടനം വ്യാഴാഴ്ച്ച മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. സെപ്റ്റംബർ 5 മുതൽ 14 വരെയാണ് മേള. 13 ഇനം ആവശ്യസാധനങ്ങളുടെ ലഭ്യത സപ്ലൈകോയുടെ എല്ലാ ഓണം ഫെയറുകളിലും മറ്റ് ഔട്ട്ലെറ്റുകളിലും ഉറപ്പാക്കുമെന്ന് മന്ത്രി ജി ആർ അനിൽ പറഞ്ഞു. തിരുവനന്തപുരം ജില്ലയിൽ ഓണത്തിനു മുമ്പ് സപ്ലൈകോയുടെ അഞ്ച് പുതിയ വിൽപന ശാലകൾ ആരംഭിക്കുമെന്ന് മന്ത്രി അറിയിച്ചു. വയനാട് ദുരന്തബാധിത മേഖലയിലെ എല്ലാ റേഷൻ കാർഡ് ഉടമകൾക്കും സൗജന്യ ഓണക്കിറ്റുകളും വിതരണം ചെയ്യും.
സംസ്ഥാന സർക്കാരിന്റെ 4-ാം വാർഷികത്തോടനുബന്ധിച്ച് തയ്യാറാക്കിയ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായുള്ള കെ സ്റ്റോർ പദ്ധതി മറ്റന്നാൾ പൂർത്തിയാകുമെന്ന് മന്ത്രി പറഞ്ഞു.

***********************************

## ഇടുക്കി -ചെറുതോണി (ഇൻട്രോ)

ഓണക്കാലത്തോടനുബന്ധിച്ച് ഇടുക്കി, ചെറുതോണി അണക്കെട്ടുകളിൽ സന്ദർശകർക്ക് അനുമതി. മൂന്ന് മാസത്തേക്കാണ് അനുമതി നല്കയിട്ടുള്ളത്. സാങ്കേതിക പരിശോധനകൾ നടത്തുന്ന ബുധനാഴ്ച ദിവസങ്ങളിൽ സന്ദർശകരെ അനുവദിക്കില്ല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

(വോയ്സ്)

***********************************

PNUTVPM

## കെ. രാജൻ

എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന ലക്ഷ്യവുമായാണ് റവന്യു വകുപ്പ് മുന്നോട്ട് പോകുന്നതെന്ന് മന്ത്രി കെ.രാജൻ പറഞ്ഞു. എല്ലാവരെയും ഭൂമിയുടെ ഉടമസ്ഥരാക്കുക എന്ന ലക്ഷ്യവുമായി ആരംഭിച്ച പട്ടയ മിഷൻ ഇതിൽ പ്രധാനപ്പെട്ടതാണെന്നും മന്ത്രി വ്യക്തമാക്കി. കണ്ണൂർ തളിപ്പറമ്പിൽ റവന്യു ടവറിന്റെ നിർമാണോദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു അദ്ദേഹം. റവന്യു വകുപ്പിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് ഭൂമി മാത്രമല്ല, എല്ലാ വകുപ്പുകളുടെയും ഭൂമി അതത് വകുപ്പുകളുമായി കൂടിയാലോചിച്ച് ഭൂരഹിതർക്ക് ലഭ്യമാക്കാനുള്ള പ്രവർത്തനമാണ് നടത്തുന്നതെന്നും മന്ത്രി വ്യക്തമാക്കി.

*************************************

## നവജാത ശിശുവിനെ കാണാതായി

ചേർത്തലയിലെ സ്വകാര്യ ആശുപത്രിയിൽ യുവതി പ്രസവിച്ച നവജാത ശിശുവിനെ കാണാതായതായി പരാതി. സംഭവത്തിൽ ദുരൂഹതയുണ്ടെന്നാണ് പോലീസിൻറെ പ്രാഥമിക നിഗമനം. ആഗസ്റ്റ് 31 നാണ് യുവതി പ്രസവശേഷം ആശുപത്രി വിട്ടത്. വീട്ടിലെത്തിയെങ്കിലും കുട്ടിയെ കാണാത്തതിനാൽ ആശാപ്രവർത്തകരാണ് വിവരം ചേർത്തല പോലീസിനെ അറിയിച്ചത്. യുവതിയുടെ പ്രാഥമിക മൊഴി പ്രകാരം കുട്ടിയെ തൃപ്പൂണിത്തുറ സ്വദേശികളായ ദമ്പതികൾക്കു കൈമാറിയതായാണ് വിവരം.

*************************************

## നാളികേരം-പി. രാജീവ്

വൈവിധ്യമാർന്ന നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങളിലൂടെ ഭക്ഷ്യമേഖലയിൽ വലിയ മാറ്റം സൃഷ്ടിക്കാനാകുമെന്ന് മന്ത്രി പി. രാജീവ് പറഞ്ഞു. അത്തരം മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ ആവശ്യക്കാർ ഏറെയാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. കൊച്ചിയിൽ

RNUTVPM

നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ലോക നാളികേര ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഭക്ഷ്യ സംസ്കരണ മേഖലയിൽ മൂല്യവർദ്ധനവിന് ഏറെ പ്രതീക്ഷനൽകുന്ന കുറ്റ്യാടി കോക്കനട്ട് പാർക്ക് ഉടൻ പ്രവർത്തനക്ഷമമാകുമെന്നും അദ്ദേഹം അറിയിച്ചു.

************************************

## കണ്ണൂർ-തദ്ദേശ അദാലത്ത് (ഇൻട്രോ)

കണ്ണൂരിൽ തദ്ദേശ അദാലത്ത് പൂർത്തിയായി. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിലാണ് അദാലത്ത് നടന്നത്. വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ. ശശിധരൻ.

(വോയ്സ്)

************************************

## പാരാലിമ്പിക്സ്

RNU TVPM

പാരാലിമ്പിക്സിൻറെ അഞ്ചാം ദിനം ഇന്ത്യക്ക് സ്വർണമെഡൽ നേട്ടം. ബാഡ്മിന്റൺ പുരുഷ സിംഗിൾസ് SL3 വിഭാഗത്തിൽ നിതേഷ് കുമാറാണ് തൻറെ ആദ്യ സ്വർണം നേടിയത്. ഇതോടെ 2 സ്വർണ്ണവും, 3 വെള്ളിയും, 4 വെങ്കലവും ഉൾപ്പെടെ ഇന്ത്യയുടെ മെഡൽ നില 9 ആയി. പുരുഷന്മാരുടെ ഡിസ്കസ് ത്രോയിൽ  യോഗേഷ് കത്തൂനിയക്ക് ഇന്ന വെള്ളിമെഡൽ ലഭിച്ചു. വനിത സിംഗിൾസ് എസ്യു5 ബാഡ്മിൻ്റൺ ഇനത്തിൽ  തുളസിമതി  മുരുഗേശൻ ഫൈനലിലെത്തിയതോടെ രാജ്യത്തിനായി ഒരു മെഡൽ കൂടി ഉറപ്പിച്ചു. പാരാ ഷൂട്ടിംഗിൽ,  നിഹാൽ സിങ്ങും അമീർ അഹമ്മദ് ഭട്ടും P3 - മിക്സഡ് 25 മീറ്റർ പിസ്റ്റൾ SH1 ഇനത്തിൽ ഇന്നിറങ്ങും.

************************************

## കെകെ രമ - കേന്ദ്ര പദ്ധതി

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് അവബോധം വ്യാപകമാക്കാൻ ശ്രമം വേണമെന്ന് കെ.കെ. രമ എം.എൽ.എ. പൊതുരംഗത്തേക്ക് എത്തുന്ന വനിതകൾക്കായി കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ടെന്നും അവർ പറഞ്ഞു. കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിനു കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ, കോഴിക്കോട് വടകര ടൗൺ ഹാളിൽ നടത്തുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ചുള്ള പ്രദർശന -ബോധവൽക്കരണ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു ശ്രീമതി കെ കെ രമ.

**************************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത. നാളെ കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്.

**************************************

## സിവിൽ സ്റ്റേഷൻ കവാടം ഉദ്ഘാടനം

തിരുവനന്തപുരം കുടപ്പനക്കുന്ന് സിവിൽ സ്റ്റേഷനിൽ നിർമിച്ച പുതിയ കവാടത്തിന്റെ ഉദ്ഘാടനം നാളെ മന്ത്രി കെ. രാജൻ നിർവഹിക്കും. പുതിയതായി നിർമിച്ച ചുറ്റുമതിൽ, സെക്യൂരിറ്റി ക്യാബിൻ എന്നിവയുടെ ഉദ്ഘാടനവും ഇതിനോടൊപ്പം നടക്കും. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷൻ ആകും.

**************************************

## കെ കൃഷ്ണൻകുട്ടി.

വൈദ്യുതി വകുപ്പിന്റെ പദ്ധതികൾക്ക് പലപ്പോഴും തടസ്സമാകുന്നത് അനാവശ്യ പരിസ്ഥിതി വാദങ്ങൾ ആണെന്ന്
മന്ത്രി കെ കൃഷ്ണൻകുട്ടി. പദ്ധതികൾ പൂർത്തിയാക്കണമെങ്കിൽ

RNU TVPM

എല്ലാവരുടെയും സഹകരണം വേണം. ഇടുക്കി ജില്ലയിൽ പൂർത്തിയാകാനുള്ള പദ്ധതികൾ വിലയിരുത്താനും പരിശോധിക്കാനുമായി, ഇടുക്കി- ചെറുതോണി ഡാമുകളിൽ സന്ദർശനം നടത്തിയ ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി.

***********************************

***********************************

***********************

**************

RNU TVPM